**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**ജലസേചനവും ഭരണവും തിരുവനന്തപുരം**
**(ഹാജർ - വി.കെ. മഹാനുദേവൻ)**

**വിഷയം:-** ജലസേചനം - ജീവനക്കാര്യം- ഇറിഗേഷൻ ഗ്രേഡ് സെൽ രൂപീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:

**പരാമർശം:-**

**ഉത്തരവ് നം: ബി2/24379/2016 തീയതി 26-09-2016.**

ഈ വകുപ്പിലെ വിവിധ മിനിസ്റ്റീരിയൽ തസ്തികകളിലെ ജീവനക്കാരുടെ സമയബന്ധിത ഹയർ ഗ്രേഡുകൾ അതാത് എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകളിലാണ് നിലവിൽ കൈകാര്യം ചെയ്യുന്നത്. എന്നാൽ ഈ സെക്ഷനുകളിലെല്ലാം തന്നെ പ്രൊബേഷൻ, പ്രൊമോഷൻ, ജീവനക്കാരുടെ സ്ഥലംമാറ്റം, മറ്റ് അനുബന്ധ നടപടികൾ എല്ലാം കൈകാര്യം ചെയ്യുന്നതിനാൽ സമയബന്ധിത ഹയർ ഗ്രേഡുകൾ യഥാസമയം അനുവദിച്ച് നൽകുന്നതിൽ കാലതാമസം നേരിടുന്നു. ആയതിനാൽ ഗ്രേഡ് സംബന്ധമായ ജോലികൾ ഈ ഓഫീസിലെ സീനിയോറിറ്റി സെല്ലിൽ അനുവദിച്ച് നടപ്പാക്കാൻ ഉത്തരവാകുന്നു.

സീനിയോറിറ്റി സെല്ലിലെ വിവിധ മിനിസ്റ്റീരിയൽ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്ന സെക്ഷനുകൾ, അതാത് തസ്തികകളിലെ ഗ്രേഡ് സംബന്ധമായ ജോലികളും കൈകാര്യം ചെയ്യേണ്ടതാണ്. ടി സെല്ലിനെ 'സീനിയോറിറ്റി/ഗ്രേഡ് സെൽ' എന്ന് പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ക്ലാർക്ക്/ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒന്നാം സമയബന്ധിത ഗ്രേഡും മറ്റ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എല്ലാ വിധ ഗ്രേഡുകളും അനുവദിക്കുന്നതിന് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ.

പകർപ്പ് -

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും (വെബ്സൈറ്റ് മുഖേന), ജൂനിയർ സൂപ്രണ്ട്, സീനിയോറിറ്റി/ഗ്രേഡ് സെൽ.
ഐ.റ്റി. സെൽ
സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബി.എസ്./29.9.16.